

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വട്ടവട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-13/1253/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടവട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-13/1253/21 തീയ്യതി: 10/03/2022

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 15-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സി.ആർ. ബീനാകുമാരി	ഡെപ്യൂട്ടി ഡയറക്ടർ	16-12-2021	24-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-12-2021	24-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫിസർ
ശ്രീ. എം എസ്. രാജിവ്, ഓഡിറ്റ് ഓഫിസർ
ശ്രീ. ജിബി ഇ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. മുഹമ്മദ് ഫാസിൽ റ്റി.റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നിസ് ജോസഫ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പി.രാമരാജ്	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീ ആർ നന്ദകുമാർ	സെക്രട്ടറി	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ടി.യു ഏലിയാസ്	അസി.എഞ്ചിനിയർ	01-04-2019	31-03-2020
ഡോ.രാഹുൽ ബാബു	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	01-04-2019	04-04-2019
ഡോ.ആൻ ക്രിസ്റ്റൻ	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	05-04-2019	31-03-2020
ഡോ.ജിത്തു സി സോമൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2019	31-08-2019
ഡോ.എം.എസ് നൗഷാദ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-09-2019	31-03-2020
ഡോ.പി.പി.വിഷ്ണു	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2019	30-05-2019
ഡോ.അനൂപ് ജോസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	31-05-2019	18-11-2019
ഡോ.പ്രദീപ് കെആർ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	19-11-2019	31-03-2020
ഡോ.അനിത നാരായണൻ	വെറ്ററിനറി സർജൻ	01-04-2019	27-08-2019
ഡോ.നീതു ജോർജ്ജ്	വെറ്ററിനറി സർജൻ	28-08-2019	11-10-2019
ഡോ അനിത നാരായണൻ	വെറ്ററിനറി സർജൻ	12-10-2019	18-02-2020
ഡോ.നികേഷ് കിരൺ	വെറ്ററിനറി സർജൻ	19-02-2020	31-03-2020
ശ്രീമതി എം ബീന	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ശ്രീ കെ രാജേഷ് കുമാർ	വി.ഇ.ഒ	01-04-2019	31-07-2019
ശ്രീ സാജു പി.വി	വി.ഇ.ഒ	01-08-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: T.T. Mohammed Fasil (Senior Grade Auditor, On 22-12-2021) Last Updated By: Sajitha K. (Computer Assistant, On 31-01-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: T.T. Mohammed Fasil (Senior Grade Auditor, On 24-01-2022) Last Updated By: Sajitha K. (Computer Assistant, On 01-02-2022)	1-2
3	ഗ്രാന്റ് വിനിയോഗം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-3
4	ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ Written By: M.U.Sunny (Audit Officer, On 15-01-2022) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-3-1
5	പദ്ധതി അവലോകനം Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 26-02-2022)	1-4
6	തൊഴിലുറപ്പ് പദ്ധതി Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 05-03-2022)	1-5
7	ക്ഷേമ പദ്ധതികൾ Written By: M.S.Rajeev (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 31-01-2022)	1-6
8	കാഷ് പരിശോധന Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 31-01-2022)	1-7
9	ആഭ്യന്തര നിയന്ത്രണം Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: VISHNU.P.K (Senior Grade Auditor, On 09-03-2022)	1-8
10	വാർഷിക കണക്കുകളിലെ അപാകതകൾ Written By: T.T. Mohammed Fasil (Senior Grade Auditor, On 22-12-2021) Last Updated By: Sajitha K. (Computer Assistant, On 05-03-2022)	1-9
11	ലൈഫ് മിഷൻ - ഭവന പദ്ധതി ചെലവ് പൂർണമായും സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചു Written By: T.T. Mohammed Fasil (Senior Grade Auditor, On 24-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-10
12	ഓഡിറ്റ് ഇംപാക്ട്-കരാറുകാരന് അധികം നൽകിയ ₹3166/-തിരിച്ചടച്ചു Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 31-01-2022)	1-11
13	പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു Written By: DENNIS JOSEPH (Auditor, On 26-12-2021) Last Updated By: DENNIS JOSEPH (Auditor, On 10-03-2022)	1-12
14	വാടകക്കുടിശിക ഈടാക്കിയില്ല Written By: DENNIS JOSEPH (Auditor, On 26-12-2021) Last Updated By: DENNIS JOSEPH (Auditor, On 10-03-2022)	1-13
15	ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-ഗുണനിലവാരം കുറഞ്ഞ ഉൽപന്നം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങിയതിനാൽ നഷ്ടം. Written By: M.S.Rajeev (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-14

16	അനധികൃത നിർമാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല Written By: DENNIS JOSEPH (Auditor, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 05-03-2022)	1-15
17	ഗ്രാമ പഞ്ചായത്ത് ലൈബ്രറി, ഓഡിറ്റോറിയം എന്നിവയ്ക്ക സമീപം പൊതു ശൗചാലയം-കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-16
18	പീനരി കനാൽ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-17
19	പഞ്ചായത്ത് ലൈബ്രറിയിലേയ്ക്ക് വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഭൗതിക പരിശോധനയിൽ കാണാനായില്ല- ചെലവ് നിരാകരിക്കുന്നു Written By: M.S.Rajeev (Audit Officer, On 26-12-2021) Last Updated By: VISHNU.P.K (Senior Grade Auditor, On 09-03-2022)	1-18
ഭാഗം **2**		
1	പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. Written By: DENNIS JOSEPH (Auditor, On 10-03-2022) Last Updated By: C R Beenakumary (Deputy Director, On 15-03-2022)	2-1
2	വാടകക്കുടിശിക ഈടാക്കിയില്ല Written By: DENNIS JOSEPH (Auditor, On 10-03-2022) Last Updated By: DENNIS JOSEPH (Auditor, On 10-03-2022)	2-2
ഭാഗം **3**		
1	ഗ്രാമ പഞ്ചായത്ത് ലൈബ്രറി,ഓഡിറ്റോറിയം എന്നിവയ്ക്ക സമീപം പൊതു ശൗചാലയം-കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	3-1
2	ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-ഗുണനിലവാരം കുറഞ്ഞ ഉൽപന്നം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങിയതിനാൽ നഷ്ടം. Written By: M.U.Sunny (Audit Officer, On 27-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	3-2
3	ലൈബ്രറിയിലേയ്ക്ക് വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഭൗതിക പരിശോധനയിൽ കാണാനായില്ല- ചെലവ് നിരാകരിക്കുന്നു Written By: M.S.Rajeev (Audit Officer, On 02-02-2022) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	3-3
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	4-2
3	നിക്ഷപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4

	Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	
5	വായ്പ/വായ്പ തിരിച്ചടവ് Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	4-5
6	സ്ഥിര നിക്ഷേപം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: DENNIS JOSEPH (Auditor, On 10-03-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: M.U.Sunny (Audit Officer, On 15-01-2022) Last Updated By: Sajitha K. (Computer Assistant, On 26-02-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 25.02.2019 ലെ 3-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 07.03.2019 ലെ 1-ാം നമ്പർ തീരുമാന പ്രകാരം കമ്മിറ്റിയിൽ അംഗീകാരം നേടി.

മുന്നിരിപ്പ്	2,02,951
വരവ്	10,93,54,500
ചെലവ്	10,92,94,500
മിച്ചം	2,62,951

പരിഷ്കരിച്ച ബജറ്റ് 28.02.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 27.03.2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റ് കമ്മിറ്റിയിൽ അംഗീകാരം നേടി.

മുന്നിരിപ്പ്	2,96,32,932
വരവ്	18,76,43,135
ചെലവ്	19,36,59,189
മിച്ചം	2,36,16,878

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2020	09.07.2020	--	--

1-3 ഗ്രാന്റ് വിനിയോഗം

ഇനം	മുൻബാക്കി	തൻവർഷ വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസനഫണ്ട് – പൊതുവിഭാഗം	--	12910000	12910000	10827610	2082390
വികസനഫണ്ട് – എസ്.സി.പി.	-	2331000	2331000	2331000	0
വികസനഫണ്ട് – ടി.എസ്.പി.	-	3871284	3871284	3860000	11284
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	8339000	8339000	4038928	4300072
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	-	1251000	1251000	847596	403404
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	-	3251100	3251100	1252385	1998715
ഐ.സി.ഡി.എസ്.	530995	505745	1036740	530995	505745
വെസ്റ്റേൺഘട്ട്	484975	23588	508563	12	508551
ശുചിത്വ മിഷൻ	1568946	0	1568946	0	1568946
ജലനിധി	1880176	2761352	4641528	3617104	1024424
കേരളോത്സവം		20000	20000	0	20000
ലൈഫ് സംസ്ഥാന വിഹിതം	170472	2583665	2754137	1441804	1312333
വട്ടവട മാതൃക ഗ്രാമം	32400000	0	32400000	10000000	2240000

ദുരിതാശ്വാസ നിധി	8280	17733	26013	2000	24013

1-3-1 ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി ഹോണറേറിയം വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.
കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ എന്നിവയുടെ സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

1-4 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
112	192301345	76	27052249	36	67.85

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

ഇനം		അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വികസന ഫണ്ട്	പൊതു വിഭാഗം	14646083	10827610	73.93
	പട്ടിക ജാതി വിഭാഗം	2992455	2331000	77.89
	പട്ടിക വർഗ്ഗ വിഭാഗം	4605284	3860000	83.81
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		9618198	4038928	41.99
കേന്ദ്രാവിഷ്കൃത ഫണ്ട്		500000	500000	100
ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്		11462780	3010000	26.26
ജില്ലാ പഞ്ചായത്ത് ഫണ്ട്		12109024	0	0
സംരക്ഷണ ഗ്രാന്റ്	റോഡ്	1251000	847596	67.75
	റോഡിതരം	3544225	12523385	35.33
മറ്റിനം		131572296	384730	0.29

ആകെ	192301345	27052249	14.06

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടിന്റെ എണ്ണം	അടങ്കൽ തുക ₹	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് തുക ₹	ചെലവ് ശതമാനം
കൃഷി ഓഫീസർ	0	0	0	0	0
വെറ്ററിനറി സർജൻ	3	698570	2	272000	38.93
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.	12	2012825	12	1900888	94.43
മെഡിക്കൽ ഓഫീസർ-ആയുർവ്വേദം	1	50000	1	50000	100.00
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	10000	1	9080	90.80
വി.ഇ.ഒ.	7	156296010	5	4452854	2.84
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	5	1650168	4	1380560	83.66
സെക്രട്ടറി ഗ്രാമ പഞ്ചായത്ത്	42	17798535	31	13630280	76.58
അസിസ്റ്റന്റ് എൻജിനീയർ	41	13785237	20	5356587	38.85
ആകെ	112	192301345	76	27052249	14.06

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2019-20ൽ ആവിഷ്കരിച്ച് നടപ്പാക്കിയ സൗര തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിൽ ₹326999/- ചെലഴിച്ചിട്ടുണ്ടെങ്കിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിലെ ഖണ്ഡിക 7.1ലെ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾ നടപ്പാക്കേണ്ട അസി.സെക്രട്ടറിക്ക് തൻവർഷം പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. കോവിഡ് രോഗ ബാധയുടെ പ്രതിരോധ, പരിരക്ഷാ പ്രവർത്തനങ്ങൾക്കായി വാങ്ങിയിട്ടുള്ള സാധന സാമഗ്രികൾ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല. പല പർച്ചേസുകൾക്കും മുൻകൂറായി തുക അനുവദിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയാണ് പല പർച്ചേസുകളും നടത്തിയിട്ടുള്ളത്.

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹

എസ്റ്റാബ്ലിഷ്മെന്റ്	11296	2063062	2074358	2034361	39997
അവിദഗ്ധതൊഴിലാളികളുടെ കൂലി	0	42591941	42591941	42591941	0

1-6 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക₹	ഗുണഭോക്താക്കളുടെ എണ്ണം
വിധവാ പെൻഷൻ	939000	161
വാർദ്ധക്യകാല പെൻഷൻ	2031000	379
വികലാംഗ പെൻഷൻ	235000	47

1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹72/- (എഴുപത്തി രണ്ട് രൂപ മാത്രം) യുടെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

2. സകർമ്മ സോഫ്റ്റ്വെയറിൽ പ്രസിഡണ്ടിന് പ്രിവിലേജ് നൽകിയിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ല.

3. സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തുനികുതി ഇനത്തിലുള്ള പഞ്ചായത്തിന്റെ യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസുകൾ പ്രതിഫലിക്കുന്നില്ല.

4. ലൈഫ് പദ്ധതിക്ക് വേണ്ടി ലഭിച്ച വായ്പയുമായി ബന്ധപ്പെട്ട വിവരങ്ങൾ വായ്പ രജിസ്റ്ററിൽ

രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ ജോലി വിഭജനം നിർണ്ണയിച്ച് ഉത്തരവ് പുറപ്പടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം ജോലി നിർവ്വഹണം നടത്തുന്നുണ്ടോയെന്ന നിരീക്ഷണം ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥരിൽ നിന്നും ഉണ്ടാവുന്നതായി ലഭ്യമായ രേഖകളിൽ നിന്നും രജിസ്റ്ററുകളിൽ നിന്നും വ്യക്തമല്ല.

6. ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ പരാമർശിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-11 ശ്രദ്ധിക്കുക.

എ). സംയുക്ത പദ്ധതികൾക്കുള്ള ധനസഹായം നിക്ഷേപിക്കുന്നതിന് ദേവികുളം സബ് ട്രഷറിയിൽ 799012700000964 നമ്പരായി അക്കൗണ്ട് ഉണ്ടെങ്കിലും ധനവിനിമയം ഈ അക്കൗണ്ടിൽ കൂടി നടത്തുന്നില്ല.

ബി) ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം നീക്കിയിരുപ്പ് തുക ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം₹1312333/-യാണെങ്കിലും ₹170472/-(ഷെഡ്യൂൾ - ആർ.പി-40ബി) മാത്രമാണ് ഭൗതികമായി ഉള്ളത്.

സി) കേന്ദ്രാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, എന്നിവയുടെ യഥാർത്ഥ ചെലവുകൾ സുലേഖാ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അലോട്ട്മെന്റിന് ഓൺലൈൻ റിക്വസ്റ്റ് നൽകുകയും ഗ്രാമപഞ്ചായത്തിൽ നിന്നും അലോട്ട്മെന്റ് നൽകുകയും ചെയ്യുന്നു. തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓൺലൈൻ മുഖേന ഗ്രാമപഞ്ചായത്തിന് ബിൽ സമർപ്പിക്കുകയും അക്കൗണ്ട് സെക്ഷനിൽ നിന്ന് വൗച്ചർ നമ്പർ നൽകി ബിൽ അപ്രൂവ് ചെയ്യാത്തതിനാലുമാണ് മേൽ പറഞ്ഞ അപാകത സംഭവിച്ചിരിക്കുന്നത്. ലൈഫ് ഭവന പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ₹6310000/-യുടെ ചെലവുണ്ടെങ്കിലും അക്കൗണ്ട്സ് പ്രകാരം ₹3010000/-യുടെ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിയും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

8. പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾ നടപ്പാക്കേണ്ട അസി.സെക്രട്ടറിക്ക് തൻവർഷം പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടില്ല.

9. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. കോവിഡ് രോഗ ബാധയുടെ പ്രതിരോധ, പരിരക്ഷാ പ്രവർത്തനങ്ങൾക്കായി വാങ്ങിയിട്ടുള്ള സാധന സാമഗ്രികൾ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല.

10. പദ്ധതി നർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാങ്ങിയിട്ടുള്ള സാധന സാമഗ്രികളുടെ വിതരണ രേഖകൾ കൃത്യമായി

പരിപാലിച്ചിട്ടില്ല. പല പർച്ചേസുകൾക്കും മുൻകൂറായി തുക അനുവദിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയാണ് പല പർച്ചേസുകളും നടത്തിയിട്ടുള്ളത്.

11. വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്ന ഡി.സി.ബി, കുടിശിക ഡി.സി.ബി രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി പരിപാലിക്കുന്നില്ല. ഉദാ: ആംബുലൻസ് വരവ്, വിവരാവകാശം, വാട്ടർ കണക്ഷൻ ചാർജ് കളക്ഷൻ. ഡി.സി.ബി, കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകളിൽ വർഷാവസാനം സാമ്പത്തിക വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബിയുടെ ആധികാരികത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. ഉദാ: തൊഴിൽ നികുതി, ലൈസൻസ് രജിസ്റ്റർ, വസ്തു നികുതി.

12. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.

1-9 വാർഷിക കണക്കുകളിലെ അപാകതകൾ

1. കുടിശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2. ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതമിനത്തിൽ ₹1312333/-യുടെ നീക്കിയിരുപ്പുള്ളതായി ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും RP 40 ബി പത്രിക പ്രകാരം ₹170472/- മാത്രമാണ് നീക്കിയിരുപ്പായി അവശേഷിക്കുന്നത്.

3. ലൈഫ് ഭവന പദ്ധതിക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ₹6310000/-യുടെ ചെലവുണ്ടെങ്കിലും ₹3010000/-യുടെ ചെലവ് മാത്രമാണ് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടുള്ളത്.

4. വിധവ പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുക I (14) ഡി യിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-10 ലൈഫ് മിഷൻ - ഭവന പദ്ധതി ചെലവ് പൂർണമായും സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചു

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷങ്ങളിൽ ലൈഫ് മിഷൻ ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	പ്രോ.നം	ഇനം	വിഭാഗം	മുഖ്യ മേഖല	പ്രോ.പേര്	വികസന ഫണ്ട്			മറ്റ് ബ്ലോക്ക് പ	മറ്റ് ജില്ലാ പ	മറ്റുള്ളവ	മൊത്തം
						പൊതുവി. സാധാ.	എസ്.സി.പി	ടി.എസ്.പി				
1	18	New	പൊതുവിഭാഗം	സേവനം	ലൈഫ് മിഷൻ -ജനറൽ	1002671 520000	0 0	0 0	4587680 0	9500000 0	93280000 0	108370351 520000
2	19	New	പട്ടിക വർഗം	സേവനം	ലൈഫ് മിഷൻ -ടി.എസ്.പി	0 0	0 0	902900 782854	2339125 0	1000000 0	17160000 0	21402025 782854
3	20	New	പട്ടികജാതി	സേവനം	ലൈഫ് മിഷൻ - എസ്.സി.പി	0 0	408635 90000	0 0	1343775 0	900000 0	20020000 0	22672410 90000
4	115	SO	പട്ടിക ജാതി	സേവനം	ലൈഫ് മിഷൻ -എസ്.സി.പി	0 0	0 0	0 0	3010000 3010000	0 0	0 0	3010000 3010000

മേൽ പ്രോജക്ടുകളിൽ സാംഖ്യ സോഫ്റ്റ്വെയർ മുഖേന മാറിയ ബില്ലുകൾ സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംഖ്യാ ബില്ലുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്ര.ന	പ്രോ.നം & പേര്	സാംഖ്യ ബിൽ നം	തീയതി	തുക (₹)
1	18/20 : ലൈഫ് മിഷൻ - ജനറൽ	നം.19100352011000515457	തീ. 29.08.2019	320000
		നം.19100352011000767715	തീ. 01.11.2019	160000
		നം.19100352011000779983	തീ. 05.11.2019	40000
			ആകെ	520000
2	19/20 : ലൈഫ് മിഷൻ - ടി.എസ്.പി	നം.19100352011000532769	തീ. 31.08.2019	450000
		നം.19100352011000767717	തീ. 01.11.2019	220000
		നം.19100352011001157581	തീ. 28.01.2020	112854
			ആകെ	782854
3	20/20 : ലൈഫ് മിഷൻ - എസ്.സി.പി	നം.19100352011000516516	തീ. 30.08.2019	90000
			ആകെ	90000
4	115/20 : ലൈഫ് മിഷൻ - എസ്.സി.പി	നം. 52	തീ. 29.08.2019	2600000
		നം. 53	തീ. 29.08.2019	410000
			ആകെ	3010000

മാന്വൽ റിക്വസിഷൻ മുഖേന തുക മാറിയതിനാൽ പൂർണമായും സുലേഖ പ്ലാൻ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല. ഇതിനാൽ പദ്ധതിയുടെ പൂർത്തീകരണവും, പുരോഗതിയും അറിയാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. സാംഖ്യ മുഖേന റിക്വസിഷൻ നൽകാതെ മാറിയ തുകയുടെ (തനത് ഫണ്ട് - മാന്വൽ ബില്ല് രജിസ്റ്റർ പ്രകാരം) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	ഇനം	വൗച്ചർ നം/ തീയതി	ചെക്ക് നം/ തീയതി	തുക
1	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	21900027/ 05.04.2019	STSBനം.9143780/ 05.04.2019	260000
2	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	21900274/ 30.08.2019	STSB നം.1094618/30.08.2019	410000
3	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	21900461/01.01.2020	SBI നം.858840/01.01.2020	1800000
4	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	21900618/20.03.2020	STSB നം.0802971/20.03.2020	1500000
			ആകെ	3970000
5	സംസ്ഥാനാവിഷ്കൃത ഫണ്ട്	21900215/09.07.2019	SBI നം.858820/09.07.2019	860000
6	സംസ്ഥാനാവിഷ്കൃത ഫണ്ട്	21900217/24.07.2019	SBI നം.858822/24.07.2019	1140000
7	സംസ്ഥാനാവിഷ്കൃത ഫണ്ട്	21900228/24.07.2019	SBI നം.858822/24.07.2019	100000
8	സംസ്ഥാനാവിഷ്കൃത ഫണ്ട്	21900264/16.08.2019	SBI നം.858826/16.08.2019	100000
9	സംസ്ഥാനാവിഷ്കൃത ഫണ്ട്	21900134/19.10.2019	SBI നം.858831/19.10.2019	100000
10	സംസ്ഥാനാവിഷ്കൃത ഫണ്ട്	21900391/22.11.2019	SBI നം.858837/22.11.2019	2200000
			ആകെ	4500000
11	ഹഡ്കോ ലോൺ	21900213/03.07.2019	SBI നം.858818/04.07.2019	7100000
12	ഹഡ്കോ ലോൺ	21900214/09.07.2019	SBI നം.858819/09.07.2019	820000
13	ഹഡ്കോ ലോൺ	21900255/14.08.2019	SBI നം.858824/07.08.2019	7200000
14	ഹഡ്കോ ലോൺ	21900260/14.08.2019	SBI നം.858823/07.08.2019	7170000
15	ഹഡ്കോ ലോൺ	21900265/16.08.2019	SBI നം.858827/16.08.2019	1040000
16	ഹഡ്കോ ലോൺ	21900269/17.08.2019	SBI നം.858828/17.08.2019	480000
17	ഹഡ്കോ ലോൺ	21900272/17.08.2019	SBI നം.858829/17.08.2019	840000

ക്ര.നം	ഇനം	വൗച്ചർ നം/ തീയതി	ചെക്ക് നം/ തീയതി	തുക
18	ഹഡ്കോ ലോൺ	21900135/19.10.2019	SBI നം.858832/19.10.2019	140000
19	ഹഡ്കോ ലോൺ	21900367/05.11.2019	SBI നം.858833/05.11.2019	1420000
20	ഹഡ്കോ ലോൺ	21900368/05.11.2019	SBI നം.858834/05.11.2019	12920000
21	ഹഡ്കോ ലോൺ	21900369/05.11.2019	SBI നം.858835/05.11.2019	240000
22	ഹഡ്കോ ലോൺ	21900377/13.11.2019	SBI നം.858836/13.11.2019	320000
23	ഹഡ്കോ ലോൺ	21900352/26.11.2019	SBI നം.858838/26.11.2019	2240000
24	ഹഡ്കോ ലോൺ	21900435/13.12.2019	SBI നം.858839/13.12.2019	1300000
25	ഹഡ്കോ ലോൺ	21900465/09.01.2020	SBI നം.858841/10.01.2020	8340000
26	ഹഡ്കോ ലോൺ	21900466/09.01.2020	SBI നം.858842/10.01.2020	2390000
27	ഹഡ്കോ ലോൺ	21900470/10.01.2020	SBI നം.858843/10.01.2020	2880000
28	ഹഡ്കോ ലോൺ	21900487/17.01.2020	SBI നം.858844/17.01.2020	6240000
29	ഹഡ്കോ ലോൺ	21900488/27.01.2020	SBI നം.858845/27.01.2020	3640000
30	ഹഡ്കോ ലോൺ	21900502/01.02.2020	SBI നം.858846/01.02.2020	2300000
31	ഹഡ്കോ ലോൺ	21900568/26.02.2020	SBI നം.858847/26.02.2020	3300000
32	ഹഡ്കോ ലോൺ	21900569/26.02.2020	SBI നം.858848/26.02.2020	320000
33	ഹഡ്കോ ലോൺ	21900583/03.03.2020	SBI നം.858849/03.03.2020	4600000
34	ഹഡ്കോ ലോൺ	21900606/12.03.2020	SBI നം.858850/12.03.2020	4660000
35	ഹഡ്കോ ലോൺ	21900607/12.03.2020	SBI നം.858851/12.03.2020	9200000
			ആകെ	91100000

സംക്ഷിപ്തം

ഇനം	തുക
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	3970000
സംസ്ഥാനാവിഷ്കൃത ഫണ്ട്	4500000
ഹഡ്കോ ലോൺ വിഹിതം	91100000

മേൽ തുകകൾ ഏത് പ്രോജക്ടുകളിലായാണ് ചെലവഴിച്ചത് എന്നത് വിശദീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 15/23.12.2021 ന് മറുപടി ലഭ്യമാക്കിയില്ല.

1-11 ഓഡിറ്റ് ഇംപാക്ട്-കരാറുകാരന് അധികം നൽകിയ ₹3166/-തിരിച്ചടച്ചു

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ കോവിലൂർ ഈസ്റ്റ് തെരുവ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം.102/20) എന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികമായി നൽകിയ ₹3166/-ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം.01/22.12.2021) നൽകിയതിനെ തുടർന്ന് രസീത നം 121010100508/22.12.21 പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

₹3166/-സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങളിലെ (സ.ഉ (അ) 78/2019 ത.സ്വ.ഭ.വ തീയതി 02.11.2019)ചട്ടം 9(4) പ്രകാരം ഗ്രൂപ്പ് എ-1 വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും അല്ലാത്തവയ്ക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും ഈടാക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫീസ്

കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ചയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്	സൂപ്പി എൻ.എച്ച്
കെട്ടിട നിർമ്മാണ അനുമതിയ്ക്ക് അപേക്ഷിച്ച തീയതി	02.11.2019
വിനിയോഗ ഗണം	A2
പെർമിറ്റ് അനുവദിച്ച നമ്പർ/തീയതി	എ3-3250/19 തീയതി 19.12.2019
കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ)	1290.45 ച.മീ
ഈടാക്കേണ്ട പെർമിറ്റ് ഫീസ്	12905 രൂപ (1290.45x10)
ഈടാക്കിയ പെർമിറ്റ് ഫീസ്	6455
ഈടാക്കാൻ അവശേഷിക്കുന്ന ഫീസ്	6450 രൂപ (12905-6455)

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി(നം3,22/03/2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 6450/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വാടകക്കുടിശിക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ താഴെപ്പറയുന്ന മുറിയുടെ വാടകക്കുടിശിക ഈടാക്കിയിട്ടില്ലെന്നു കണ്ടെത്തി.

ക്രമ നം	കെട്ടിട നമ്പർ	വാടക്കാരന്റെ പേര്	പ്രതിമാസം ഇടാക്കേണ്ട വാടക	തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി	റിമാർക്സ്
1.	7/227	ഹോർട്ടികോർപ് സബ്സെന്റർ	1250	04/2019 മുതൽ 2/2020 വരെ	കോവിഡ് 19 കാരണം 03/20 ലെ വാടക സർക്കാർ ഇളവ് നൽകി

പ്രസ്തുത വാടകക്കാരനുമായി നിയമ സാധുതയുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശിക ₹ 13750 (1250 X 11) ജി എസ് ടി, പ്രളയസെസ് എന്നിവ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (2, 22/12/2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- ഗുണനിലവാരം കുറഞ്ഞ ഉൽപന്നം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങിയതിനാൽ നഷ്ടം.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2019-20 ൽ ആവിഷ്കരിച്ച് നടപ്പാക്കിയ സൗര തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം 6 സൌര തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് ₹326999/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

പ്രോജക്ടിന്റെ പേര്	ബിൽ നം/തിയതി	ഫണ്ട്	തുക (₹)
സൗര തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (118/2019-20)	191003520158010043 64/28.12.2019	വികസന ഫണ്ട്-ടി.എസ്.പി	326999

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിലെ ഖണ്ഡിക 7.1ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്.

വിവിധ മോഡലുകളുടെ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നിവ സർക്കുലറിൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം, വ്യക്തമാക്കിയിട്ടുണ്ട്.

മോഡൽ നം	ഇനം	സോളാർ പാനൽ	ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം	ലൂമിനി (+25% അനുവദനീയം	പോസ്റ്റിന്റ ഉയരം	അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പടെ (₹)
മോഡൽ 1	സോളാർ സ്ട്രീറ്റ് ലൈറ്റ്	75 W	250 Wh Lithium Ferro Phophate	8 W	Height-4 M, Dia- 3 Inch	35, 625
മോഡൽ 2	സോളാർ സ്ട്രീറ്റ് ലൈറ്റ്	150 W	768 Wh Lithium Ferro Phophate	20 W	Height-4 M, Dia- 4 Inch	71,250
മോഡൽ 3	സോളാർ സ്ട്രീറ്റ് ലൈറ്റ്	200 W	1152 Wh Lithium Ferro Phophate	36 W	Height-5 M, Dia- 4 Inch	95,000
മോഡൽ 4	സോളാർ സ്ട്രീറ്റ് ലൈറ്റ്	600 W	3072 Wh Lithium Ferro Phophate	24 W 4 സെറ്റ്	Octagonal, Dia- 6 Inch	2,85,000

സർക്കുലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് കൃത്യമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുകയും എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് ഓരോ ഇനവും സപ്ലൈ ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കമ്പനി, മോഡൽ, സ്റ്റാൻഡേർഡുകൾ, പരമാവധി നിരക്ക് എന്നിവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

അനർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ചു നൽകുന്നതിന് എംപാനൽ ചെയ്ത നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018ലെ സ.ഉ(കൈ)11/2018/ തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് എക്സ്പ്രഷൻ ഓഫ് ഇൻട്രസ്റ്റ് ക്ഷണിച്ച് തിരഞ്ഞെടുത്ത് എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എംപാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള മോഡൽ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഇപ്രകാരമുള്ള വ്യവസ്ഥകൾ നിലവിലിരിക്കെ ടെണ്ടർ ക്ഷണിക്കാതെ തിരുവനന്തപുരം സിഡ്കോ സെയിൽസ് എംപോറിയത്തിൽ നിന്നും ISI മുദ്രയോ ബ്രാൻഡോ രേഖപ്പെടുത്താത്തതും ഈ പട്ടികയിൽ ഉൾപ്പെടാത്തതുമായ (ബില്ലിലും ഉപകരണത്തിലും) തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്ത് വാങ്ങിയിട്ടുള്ളത് ക്രമവിരുദ്ധമാണ്. (ഇൻവോയ്സ് നം.TVM/19-20/248 തീ.17.10.2019)

യാതൊരു സ്പെസിഫിക്കേഷനും രേഖപ്പെടുത്താത്തതും പാനൽ, ബാറ്ററി, ലൈറ്റ് എന്നിവയെല്ലാമുൾപ്പെടെ 6 കിലോഗ്രാമോളം മാത്രം ഭാരമുള്ളതും പൊതു മാർക്കറ്റിൽ 5000 രൂപാ മാത്രം വിലയുള്ളതുമായ ഒരു കോംബോ യൂണിറ്റാണ് 4 മീറ്ററോളം ഉയരമുള്ള ഇരുമ്പു പൈപ്പിൽ തെരുവ് വിളക്കായി സ്ഥാപിച്ചിട്ടുള്ളതും

യൂണിറ്റൊന്നിന് ₹54500/- പ്രകാരം വില നല്കിയിട്ടുള്ളതും.

പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധനാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്ന നിഷ്കർഷയും പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 06/23.12.2021-ന് ലഭിച്ച മറുപടിയിൽ SIDCO പോലുള്ള അംഗീകൃത സ്ഥാപനം ഭീമമായ വിലവ്യത്യാസം വരുത്തുമെന്ന് കരുതാത്തതിനാലാണ് പൊതുവിപണി വിലയുമായി താരതമ്യം ചെയ്യാതിരുന്നത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. മറുപടി അംഗീകാര യോഗ്യമല്ലാത്തതിനാൽ ലൈറ്റിന്റെ മാർക്കറ്റ് വില, ഘടിപ്പിക്കുന്നതിനുള്ള പൈപ്പ്, കുഴി, കോൺക്രീറ്റ്, എന്നിവയടക്കം കോൺട്രാക്ടറുടെ ലാഭം ഉൾപ്പെടെ പരമാവധി അനുവദനീയമായ ചെലവ് ₹10267/-(വിശദമായ എസ്റ്റിമേറ്റ് താഴെ കൊടുക്കുന്നു.) വീതം ആകെ ₹61602/- കിഴിച്ച് ബാക്കിയുള്ള ചെലവ് ₹265397/- നിരാകരിക്കുന്നു. ഈ തുക വിതരണക്കാരനിൽ നിന്നും തിരികെ ലഭിക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശദമായ എസ്റ്റിമേറ്റ്

സോളാർ ലൈറ്റ് വില- ₹5000/-(മാർക്കറ്റ് വില- സ്ഥാപിച്ചിട്ടുള്ള ലൈറ്റിന് ഇൻഡ്യാ മാർട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വില)

സ്ഥാപിക്കുന്നതിനുള്ള ചെലവ് (കോൺട്രാക്ടറുടെ ലാഭം അടക്കമുള്ള) 'പ്രൈസ്' നിരക്കിൽ (നിലവിലെ അവസ്ഥയിൽ ഒരടി കുഴി നിർമ്മിച്ച് പൈപ്പ് സ്ഥാപിച്ച് കോൺക്രീറ്റ് ചെയ്യുന്നതിന്)

പൈപ്പ് 65mm വില (51.18.12.7)6 മീറ്റർ @ 749.56/മീ = ₹4497.36/-

മൺപണി.(2 . 8. 1) .09 ച.മീ @306.23/ച.മീ = ₹27.56/-

കോൺക്രീറ്റ് 1:2:4 (4.1.3).09 ച.മീ @8240.74/ച.മീ =₹741.66/-

ആകെ- =₹10266.58/-

1-15 അനധികൃത നിർമാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 29/06/2019ലെ സാധാരണയോഗത്തിലെ 5(8)-ാം നമ്പർ തീരുമാന പ്രകാരം എട്ടാം (കോവിലൂർ) വാർഡിൽ ശ്രീ. എ.എം ജാഫർ S/o പി.കെ മുഹമ്മദ് എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടത്തിനും ഭൂഗർഭജല വകുപ്പിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കുഴൽക്കിണറിനും കെ.എസ്.ഇ.ബി നൽകിയ വൈദ്യുതി കണക്ഷൻ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി കാണുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ ഉപവകുപ്പ്(1) പ്രകാരം ഏതെങ്കിലും വ്യക്തി നിയമവിരുദ്ധമായി ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അത്തരം കെട്ടിടം പൂർത്തീകരിക്കപ്പെട്ടതോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്ത തീയതി മുതൽ പൊളിക്കുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്ത തുക വസ്തു നികുതിയായി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ അനധികൃത നിർമ്മാണത്തിനെതിരെ താത്കാലിക ഉത്തരവ് നൽകി, നിയമാനുസൃതമായി ക്രമവത്കരിക്കാവുന്ന നിർമ്മാണമാണെങ്കിൽ ഫീസ് ഈടാക്കി ക്രമവത്കരിക്കേണ്ടതാണ്. ക്രമവത്കരിക്കാൻ കഴിയാത്ത നിർമ്മാണമാണെങ്കിൽ അന്തിമ ഉത്തരവ് നൽകി പൊളിച്ചു നീക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വകുപ്പ് 235എഎ(1) പ്രകാരം പ്രത്യേക കെട്ടിട നമ്പർ നൽകി വസ്തു നികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം 7/23.12.2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 ഗ്രാമ പഞ്ചായത്ത് ലൈബ്രറി, ഓഡിറ്റോറിയം എന്നിവയ്ക്ക് സമീപം പൊതു ശൗചാലയം-കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ
പ്രോജക്ട് നം	129/20
പദ്ധതി അടങ്കൽ	₹450000/-
എസ്റ്റിമേറ്റ് തുക	₹401674/-
കരാറുകാരൻ	ഇ.റ്റി സദാപ്പി
അളവു ബുക്ക്	136/19-20
ചെക്ക് നം & തുക	386647/5.5.20; ₹384730/-

ഗ്രാമ പഞ്ചായത്ത് ലൈബ്രറി, ഓഡിറ്റോറിയം എന്നിവയ്ക്ക് സമീപം പൊതു ശൗചാലയം എന്ന പ്രവൃത്തിയുടെ ആകെ മൂല്യം ₹330730/- യാണ്. എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത പ്രവൃത്തിയുടെ ആകെ മൂല്യമായ ₹330730/-യുടെ കൂടെ 12% ജി.എസ്.ടി നഷ്ട പരിഹാര തുകയായ ₹39688/- ഉൾപ്പെടുത്തി കരാറുകാരന് അനുവദിക്കാവുന്ന തുക ₹370418/-യാണ്. എന്നാൽ ആകെ പ്രവൃത്തി മൂല്യം ₹384730/- (12% ജി.എസ്.ടി നഷ്ട പരിഹാരമുൾപ്പെടെ) ആയി നിർണ്ണയിക്കുകയും പ്രസ്തുത തുക മേൽ സൂചിത ചെക്ക് മുഖേന പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് ₹14312/- (384730-370418) അധികം നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 8/23.12.2021) മറുപടി നൽകിയിട്ടില്ല. ₹14312/-ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-17 പീനരി കനാൽ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ
പ്രോജക്ട് നം	108/20
പദ്ധതി അടങ്കൽ	₹400000/- (വികസന ഫണ്ട് ടി.എസ്.പി)
കരാറുകാരൻ	ശരവണകുമാർ എസ്.
കരാർ നം	39/AE/LSGD/VTVD തീ.18.10.18
അളവുബുക്ക്	98/18-19
ബിൽ നം /തീയതി&തുക	3/28.8.19 ; ₹372238/-

നിലവിലുള്ള ജല സ്രോതസ്സിൽ (അരുവി) നിന്നും കർഷകരുടെ കൃഷി സ്ഥലങ്ങളിലേക്ക് കനാൽ നിർമ്മിച്ച് ജലസേചന സൗകര്യമൊരുക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. മുഴുവൻ കർഷകർക്കും ജലസേചന സൗകര്യമൊരുക്കുന്നതിന് ഏകദേശം 500 മീ നീളത്തിൽ കനാൽ നിർമ്മിക്കണമായിരുന്നു. ജല സ്രോതസ്സ് ആരംഭിക്കുന്ന സ്ഥലത്തു നിന്നും കനാൽ നിർമ്മാണം ആരംഭിക്കുന്നതിനു പകരം കനാലിന്റെ അവസാന ഭാഗത്തു നിന്നുമാണ് 143 മീ നീളത്തിൽ കനാൽ നിർമ്മാണം നടത്തിയിരിക്കുന്നത്. ജല സ്രോതസ്സ് ആരംഭിക്കുന്ന സ്ഥലത്തു നിന്നും അവസാന ഭാഗം വരെ (ഏകദേശം 500 മീ) കനാൽ നിർമ്മിച്ച് ആവശ്യമായ ചരിവ് നൽകി നീരൊഴുക്കിനുള്ള സൗകര്യമൊരുക്കാതിരുന്നതു മൂലം 143 മീ നീളത്തിൽ നിർമ്മിച്ച കനാൽ പൂർണ്ണമായും മണ്ണിനടിയിലാകുകയും പദ്ധതി ലക്ഷ്യം കൈവരിക്കാത്ത അവസ്ഥയിൽ എത്തുകയും ചെയ്തു. പദ്ധതി ആസൂത്രണത്തിലെ അപാകതമൂലം ₹372238/-ചെലവഴിച്ച പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കാത്ത അവസ്ഥയിലാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.9/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ മുഴുവൻ തുകയും വകയിരുത്തി പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പഞ്ചായത്ത് ലൈബ്രറിയിലേയ്ക്ക് വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഭൗതിക

പരിശോധനയിൽ കാണാനായില്ല- ചെലവ് നിരാകരിക്കുന്നു

പഞ്ചായത്ത് വക ലൈബ്രറിയിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പേരിൽ 2019-20 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ടു പ്രോജക്ടുകളിൽ തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

I.

പ്രോജക്ട് നം.	54/20
അടങ്കൽ	₹100000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ചെലവ്	₹ 82085/- BRN. 19100352015800999983/27.12.2019

II.

പ്രോജക്ട് നം.	95/20 (സ്പിൽ ഓവർ)
അടങ്കൽ	₹99000/- (വികസന ഫണ്ട്- പൊതുവിഭാഗം)
ചെലവ്	₹ 97500/- BRN. 19100352015800375401/23.07.2019

മേൽ പദ്ധതികൾ പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാമഗ്രികളുടെയും വിശദാംശം താഴെ കൊടുക്കുന്നു.

	പ്രോജക്ട് നം.54/20	പ്രോജക്ട് നം.54/20
വിതരണക്കാരൻ	കെൽട്രോൺ	കെയ്കോ, തൊടുപുഴ
വാങ്ങിയ സാധനങ്ങൾ	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-1	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-1
	പ്രിന്റർ HP Laserjet P No. MFPM 227, 2എണ്ണം Jdn	പ്രിന്റർ Brother DCP.L.2520D. 2എണ്ണം
സീരിയൽ നമ്പർ	കമ്പ്യൂട്ടർ MMT 998 S00202015 ED14211	ഇൻവോയ്സിൽ ക്രമ നമ്പർ ലഭ്യമല്ല
	പ്രിന്റർ VNH 4200034 VNH 4200032	ഇൻവോയ്സിൽ ക്രമ നമ്പർ ലഭ്യമല്ല
ഇൻവോയ്സ് നമ്പർ	TVM/ITBG/P1/RC/12957/19-20 Dt. 27.12.2019 Computer 52633 Printer 14726 X 2 = 29452	1179/20.03.2019 Computer 40280 + 28% =51558 Printer 17946 +28% X 2 = 45942
ആകെ	82085	97500

മേൽ കമ്പ്യൂട്ടർ/പ്രിന്ററുകളിൽ പ്രോജക്ട് നം. 54/19-20 പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

പ്രോജക്ട് 95/19-20 പ്രകാരം വാങ്ങിയ ഒരു കമ്പ്യൂട്ടറും പ്രിന്ററും പഞ്ചായത്ത് അക്കൌണ്ടന്റും പ്രോജക്ട് 54/19-20 പ്രകാരമുള്ള ഒരു പ്രിന്റർ ഫ്രണ്ട് ഓഫീസിലും ഉപയോഗിക്കുന്നതായി കാണപ്പെട്ടു. താഴെ വിശദീകരിച്ചിട്ടുള്ളവ പഞ്ചായത്തിലോ ലൈബ്രറിയിലോ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം.	ക്രമ നം.	ഇനം	ഉൽപന്നത്തിന്റെ ക്രമ നം.	വില ₹
54/19-20	1	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ	MMT 998 S00202015 ED14211	52633

54/19-20	2	HP Laserjet Printer MFPM 227 Jdn	VNH 4200034	14726
95/19-20	3	Brother Printer DCPL 2520 D	ലഭ്യമല്ല	22971
ആകെ				90330

ഭൌതിക പരിശോധനയിൽ കണ്ടെത്താത്ത കമ്പ്യൂട്ടറിന്റെയും 2 പ്രിന്ററുകളുടെയും ആകെ ചെലവ് ₹90330/- നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.
ലൈബ്രറിയിലേക്ക് എന്ന പേരിൽ ഇപ്രകാരം അനാവശ്യമായ വാങ്ങൽ നടത്തിയതിനും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കാത്തതിനും വിശദീകരണം ബോധിപ്പിക്കേണ്ടതുമാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു.

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങളിലെ (സ.ഉ (അ) 78/2019 ത.സ്വ.ഭ.വ തീയതി 02.11.2019)ചട്ടം 9(4) പ്രകാരം ഗ്രൂപ്പ് എ-1 വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും അല്ലാത്തവയ്ക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും ഈടാക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫീസ് കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ചയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്	സൂപ്പി എൻ.എച്ച്
കെട്ടിട നിർമ്മാണ അനുമതിയ്ക്ക് അപേക്ഷിച്ച തീയതി	02.11.2019
വിനിയോഗ ഗണം	A2
പെർമിറ്റ് അനുവദിച്ച നമ്പർ/തീയതി	എ3-3250/19 തീയതി 19.12.2019
കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ)	1290.45 ച.മീ
ഈടാക്കേണ്ട പെർമിറ്റ് ഫീസ്	12905 രൂപ (1290.45x10)
ഈടാക്കിയ പെർമിറ്റ് ഫീസ്	6455
ഈടാക്കാൻ അവശേഷിക്കുന്ന ഫീസ്	6450 രൂപ (12905-6455)

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നം3,22/03/2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 6450/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 വാടകക്കുടിശിക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ താഴെപ്പറയുന്ന മുറിയുടെ വാടകക്കുടിശിക ഈടാക്കിയിട്ടില്ലെന്നു കണ്ടെത്തി.

ക്രമ നം	കെട്ടിട നമ്പർ	വാടക്കാരന്റെ പേര്	പ്രതിമാസം ഇടാക്കേണ്ട വാടക	തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി	റിമാർക്സ്
1.	7/227	ഹോർട്ടികോർപ് സബ്സെന്റർ	1250	04/2019 മുതൽ 2/2020 വരെ	കോവിഡ് 19 കാരണം 03/20 ലെ വാടക സർക്കാർ ഇളവ് നൽകി

പ്രസ്തുത വാടകക്കാരനുമായി നിയമ സാധുതയുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശിക ₹ 13750 (1250 X 11) ജി എസ് ടി, പ്രളയസെസ് എന്നിവ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറിക്ക് (2, 22/12/2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഗ്രാമ പഞ്ചായത്ത് ലൈബ്രറി,ഓഡിറ്റോറിയം എന്നിവയ്ക്ക് സമീപം പൊതു ശൗചാലയം- കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ
പ്രോജക്ട് നം	129/20
പദ്ധതി അടങ്കൽ	₹450000/-
എസ്റ്റിമേറ്റ് തുക	₹401674/-
കരാറുകാരൻ	ഇ.റ്റി സദാപ്പി
അളവു ബുക്ക്	136/19-20
ചെക്ക് നം&തുക	386647/5.5.20;₹384730/-

ഗ്രാമപഞ്ചായത്ത് ലൈബ്രറി, ഓഡിറ്റോറിയം എന്നിവയ്ക്ക് സമീപം പൊതു ശൗചാലയം എന്ന പ്രവൃത്തിയുടെ ആകെ മൂല്യം ₹330730/- യാണ്. എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത പ്രവൃത്തിയുടെ ആകെ മൂല്യമായ ₹330730/-യുടെ കൂടെ 12% ജി.എസ്.ടി, നഷ്ട പരിഹാര തുകയായ ₹39688/- ഉൾപ്പെടുത്തി കരാറുകാരന് അനുവദിക്കാവുന്ന തുക ₹370418/-യാണ്. എന്നാൽ ആകെ പ്രവൃത്തി മൂല്യം ₹384730/- (12% ജി.എസ്.ടി നഷ്ട പരിഹാരമുൾപ്പെടെ) ആയി നിർണ്ണയിക്കുകയും പ്രസ്തുത തുക മേൽ സൂചിത ചെക്ക മുഖേന പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് ₹14312/-(384730-370418) അധികം നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകുയറി നം. 8/23.12.2021) മറുപടി നൽകിയിട്ടില്ല. ₹14312/-ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- ഗുണനിലവാരം കുറഞ്ഞ ഉൽപന്നം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങിയതിനാൽ നഷ്ടം.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2019-20ൽ ആവിഷ്കരിച്ച് നടപ്പാക്കിയ സൗര തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം സൌര തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് ₹326999/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

പ്രോജക്ടിന്റെ പേര്	ബിൽ നം/തിയതി	ഫണ്ട്	തുക (₹)
സൗര തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (118/2019-20)	191003520158010043 64/28.12.2019	വികസന ഫണ്ട്-ടി.എസ്.പി	326999

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിലെ ഖണ്ഡിക 7.1ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്.

വിവിധ മോഡലുകളുടെ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നിവ സർക്കുലറിൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം,

വ്യക്തമാക്കിയിട്ടുണ്ട്.

മോഡൽ നം	ഇനം	സോളാർ പാനൽ	ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം	ലൂമിനി (+25% അനുവദനീയം	പോസ്റ്റിന്റെ ഉയരം	അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പടെ (₹)
മോഡൽ 1	സോളാർ സ്ട്രീറ്റ് ലൈറ്റ്	75 W	250 Wh Lithium Ferro Phophate	8 W	Height-4 M, Dia- 3 Inch	35, 625
മോഡൽ 2	സോളാർ സ്ട്രീറ്റ് ലൈറ്റ്	150 W	768 Wh Lithium Ferro Phophate	20 W	Height-4 M, Dia- 4 Inch	71,250
മോഡൽ 3	സോളാർ സ്ട്രീറ്റ് ലൈറ്റ്	200 W	1152 Wh Lithium Ferro Phophate	36 W	Height-5 M, Dia- 4 Inch	95,000
മോഡൽ 4	സോളാർ സ്ട്രീറ്റ് ലൈറ്റ്	600 W	3072 Wh Lithium Ferro Phophate	24 W 4 സെറ്റ്	Octagonal, Dia- 6 Inch	2,85,000

സർക്കുലറിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് കൃത്യമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുകയും എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് ഓരോ ഇനവും സപ്ലൈ ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കമ്പനി, മോഡൽ, സ്റ്റാൻഡേർഡുകൾ, പരമാവധി നിരക്ക് എന്നിവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

അനർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ചു നൽകുന്നതിന് എംപാനൽ ചെയ്ത നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018ലെ സ.ഉ(കൈ)11/2018/ തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് എക്സ്പ്രഷൻ ഓഫ് ഇൻട്രസ്റ്റ് ക്ഷണിച്ച് തെരഞ്ഞെടുത്ത് എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എംപാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള മോഡൽ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഇപ്രകാരമുള്ള വ്യവസ്ഥകൾ നിലവിലിരിക്കെ ടെണ്ടർ ക്ഷണിക്കാതെ തിരുവനന്തപുരം സിഡ്കോ സെയിൽസ് എംപോറിയത്തിൽ നിന്നും ISI മുദ്രയോ ബ്രാൻഡോ രേഖപ്പെടുത്താത്തതും ഈ പട്ടികയിൽ ഉൾപ്പെടാത്തതുമായ (ബില്ലിലും ഉപകരണത്തിലും) തെരുവ് വിളക്കുകൾ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുള്ളത് ക്രമവിരുദ്ധമാണ്. (ഇൻവോയ്സ് നം.TVM/19-20/248 തീ.17.10.2019)

യാതൊരു സ്പെസിഫിക്കേഷനും രേഖപ്പെടുത്താത്തതും പാനൽ, ബാറ്ററി, ലൈറ്റ് എന്നിവയെല്ലാമുൾപ്പെടെ 6 കിലോഗ്രാമോളം മാത്രം ഭാരമുള്ളതും പൊതു മാർക്കറ്റിൽ 5000 രൂപാ മാത്രം വിലയുള്ളതുമായ ഒരു കോംബോ യൂണിറ്റാണ് 4 മീറ്ററോളം ഉയരമുള്ള ഇരുമ്പു പൈപ്പിൽ തെരുവ് വിളക്കായി സ്ഥാപിച്ചിട്ടുള്ളതും യൂണിറ്റൊന്നിന് ₹54500/- പ്രകാരം വില നല്കിയിട്ടുള്ളതും.

പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനിയറുടെ പരിശോധനാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്ന നിഷ്കർഷയും പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/23.12.2021 ന് നൽകിയ മറുപടിയിൽ SIDCO പോലുള്ള അംഗീകൃത സ്ഥാപനം ഭീമമായ വിലവ്യത്യാസം വരുത്തുമെന്ന് കരുതാത്തതിനാലാണ് പൊതുവിപണി വിലയുമായി താരതമ്യം ചെയ്യാതിരുന്നത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. മറുപടി അംഗീകാരയോഗ്യമാല്ലാത്തതിനാൽ ലൈറ്റിന്റെ മാർക്കറ്റ് വില, ഘടിപ്പിക്കുന്നതിനുള്ള പൈപ്പ്, കുഴി, കോൺക്രീറ്റ്, എന്നിവയടക്കം കോൺട്രാക്ടറുടെ ലാഭം ഉൾപ്പെടെ പരമാവധി അനുവദനീയമായ ചെലവ് ₹10267/- (വിശദമായ എസ്റ്റിമേറ്റ് താഴെ കൊടുക്കുന്നു.) വീതം ആകെ ₹61602/- കഴിച്ച് ബാക്കിയുള്ള ചെലവ് ₹265397/- നിരാകരിക്കുന്നു. ഈ തുക വിതരണക്കാരനിൽ നിന്നും തിരികെ ലഭിക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശദമായ എസ്റ്റിമേറ്റ്

സോളാർ ലൈറ്റ് വില- ₹5000/-(മാർക്കറ്റ് വില) (സ്ഥാപിച്ചിട്ടുള്ള ലൈറ്റിന് ഇൻഡ്യ മാർട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വില)

സ്ഥാപിക്കുന്നതിനുള്ള ചെലവ് (കോൺട്രാക്ടറുടെ ലാഭം അടക്കമുള്ള) 'പ്രൈസ്' നിരക്കിൽ (നിലവിൽ കാണപ്പെടുന്ന രീതിയിൽ ഒരടി കുഴി നിർമ്മിച്ച് പൈപ്പ് സ്ഥാപിച്ച് കോൺക്രീറ്റ് ചെയ്യുന്നതിന്)

പൈപ്പ് 65mm വില (51.18.12.7)6 മീറ്റർ @749.56/മീ = ₹4497.36/-

മൺപണി (2 . 8. 1) .09 ച.മീ @306.23/ച.മീ = ₹27.56/-

കോൺക്രീറ്റ് 1:2:4 (4.1.3).09 ച.മീ @8240.74/ച.മീ =₹741.66/-

ആകെ- =₹10266.58/-

3-3 ലൈബ്രറിയിലേയ്ക്ക് വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഭൌതിക പരിശോധനയിൽ കാണാനായില്ല- ചെലവ് നിരാകരിക്കുന്നു

പഞ്ചായത്ത് വക ലൈബ്രറിയിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പേരിൽ 2019-20 വർഷം രണ്ടു പ്രോജക്ടുകളിൽ തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

I.

പ്രോജക്ട് നം.	54/20
അടങ്കൽ	₹100000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ചെലവ്	₹ 82085/- BRN. 19100352015800999983/27.12.2019

II.

പ്രോജക്ട് നം.	95/20 (സ്പിൽ ഓവർ)
അടങ്കൽ	₹99000/- (വികസന ഫണ്ട്- പൊതുവിഭാഗം)
ചെലവ്	₹ 97500/- BRN. 19100352015800375401/23.07.2019

മേൽ പദ്ധതികൾ പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാമഗ്രികളുടെയും വിശദാംശം താഴെ കൊടുക്കുന്നു.

	പ്രോജക്ട് നം.54/20	പ്രോജക്ട് നം.54/20
വിതരണക്കാരൻ	കെൽട്രോൺ	കെയ്കോ, തൊടുപുഴ

വാങ്ങിയ സാധനങ്ങൾ	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-1	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-1
	പ്രിന്റർ HP Laserjet P No. MFPM 227, 2എണ്ണം Jdn	പ്രിന്റർ Brother DCP.L.2520D. 2എണ്ണം
സീരിയൽ നമ്പർ	കമ്പ്യൂട്ടർ MMT 998 S00202015 ED14211	ഇൻവോയ്സിൽ ക്രമ നമ്പർ ലഭ്യമല്ല
	പ്രിന്റർ VNH 4200034 VNH 4200032	ഇൻവോയ്സിൽ ക്രമ നമ്പർ ലഭ്യമല്ല
ഇൻവോയ്സ് നമ്പർ	TVM/ITBG/P1/RC/12957/19-20 Dt. 27.12.2019 Computer 52633 Printer 14726 X 2 = 29452	1179/20.03.2019 Computer 40280 + 28% =51558 Printer 17946 +28% X 2 = 45942
ആകെ	82085	97500

മേൽ കമ്പ്യൂട്ടർ/പ്രിന്ററുകളിൽ പ്രോജക്ട് നം. 54/19-20 പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

പ്രോജക്ട് 95/19-20 പ്രകാരം വാങ്ങിയ ഒരു കമ്പ്യൂട്ടറും പ്രിന്ററും പഞ്ചായത്ത് അക്കൌണ്ടന്റും പ്രോജക്ട് 54/19-20 പ്രകാരമുള്ള ഒരു പ്രിന്റർ ഫ്രണ്ട് ഓഫീസിലും ഉപയോഗിക്കുന്നതായി കാണപ്പെട്ടു. താഴെ വിശദീകരിച്ചിട്ടുള്ളവ പഞ്ചായത്തിലോ ലൈബ്രറിയിലോ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം.	ക്രമ നം.	ഇനം	ഉൽപന്നത്തിന്റെ ക്രമ നം.	വില ₹
54/19-20	1	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ	MMT 998 S00202015 ED14211	52633
54/19-20	2	HP Laserjet Printer MFPM 227 Jdn	VNH 4200034	14726
95/19-20	3	Brother Printer DCPL 2520 D	ലഭ്യമല്ല	22971
ആകെ				90330

ഭൌതിക പരിശോധനയിൽ കണ്ടെത്താത്ത കമ്പ്യൂട്ടറിന്റെയും 2 പ്രിന്ററുകളുടെയും ആകെ ചെലവ് ₹90330/- നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

ലൈബ്രറിയിലേക്ക് എന്ന പേരിൽ ഇപ്രകാരം അനാവശ്യമായ വാങ്ങൽ നടത്തിയതിനും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കാത്തതിനും വിശദീകരണം ബോധിപ്പിക്കേണ്ടതുമാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2019-20	വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ചു	-

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക(₹)	പ്രോജക്ടിന്റെ പേര്	ചെലവ്(₹)	ബാലൻസ്(₹)
ബ്ലോക്ക് പഞ്ചായത്ത്	3010000 (മുൻ വർഷം ലഭിച്ച തുക)	ലൈഫ് മിഷൻ എസ്.സി.പി സ്പിൽ ഓവർ (115/20)	3010000	0

ലൈഫ് ഭവന പദ്ധതിക്കായി തൻവർഷം ബ്ലോക്ക് വിഹിതമായി ലഭിച്ച ₹8270580/-യിൽ ₹3300000/- ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് വിവരം ഗ്രാമപഞ്ചായത്തിന്റെ ചെലവ് വിവര പത്രികയിൽ (സുലേഖ സ്റ്റേറ്റ്മെന്റ്) ഉൾപ്പെട്ടിട്ടില്ല. മുൻവർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ₹351224/-ഉൾപ്പെടെ ₹5321804/-നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്.

4-3 നിക്ഷപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹82730000/-വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. ഹഡ്കോ വായ്പാ ഇനത്തിൽ ₹38,03,665/- വരവ് ഉള്ളതായി പാസ്സ് ബുക്ക് പ്രകാരം കാണുന്നു. എന്നാൽ വാർഷിക ധനവിവര പത്രികയിൽ പ്രസ്തുത വരവ് ₹36,60,000/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
ലൈഫ് പദ്ധതി	ലഭ്യമല്ല	₹82730000	3803665	8249535	-	₹78284130/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97	2-19, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-37,	2000-01	4-39	വ്യാപകമായ തോതിൽ പണാപഹരണം	ലഭ്യമല്ല

	3-38, 3-39, 3-40				
1997-98	3-26	2000-01	4-40	വ്യാജരേഖ ചമച്ച് പണാപഹരണം	ലഭ്യമല്ല
1997-98	3-31	2000-01	4-40 ബി	കിടാരി വിതരണം പദ്ധതിയിൽ ക്രമക്കേട്	ലഭ്യമല്ല
1998-99	20ബി	2002-03	VII 6-12	ചെക്ക് ലീഫ് മോഷ്ടിച്ച് ധനാപഹരണം	ലഭ്യമല്ല
2000-01	20ബി, 26,27	2003-04	VII 6-12	പഞ്ചായത്ത് ഫണ്ടിൽ നിന്നും പണാപഹരണം	ലഭ്യമല്ല
2001-02	2-15	2005-06	31-1	റോഡ് നിർമ്മാണം – വ്യാജരേഖ ചമച്ച് തുക പിൻവലിച്ചു	ലഭ്യമല്ല
2014-15	2-3	2016-17	അനുബന്ധം-3	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-2	2016-17	അനുബന്ധം-4	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽനികുതി അപാകതകൾ	ലഭ്യമല്ല
-	-	2017-18	അധ്യായം-6	ഭൂമി ശാസ്ത്രപരമായും പാരിസ്ഥിതികമായുമുള്ള വിഭിന്ന സാഹചര്യങ്ങളാൽ സാമ്പത്തിക പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തിയതിന്റെ ഫലങ്ങൾ	ലഭ്യമല്ല
2018-19	1-18	2019-20	3-1 ഇടുക്കി ജില്ല	വട്ടവട മാതൃകാ ഗ്രാമം- അപാകതകൾ	തൽസ്ഥിതി തുടരുന്നു

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ്		₹29660835/-
ഓഡിറ്റ് വർഷത്ത വരവ്		₹123682050/-
ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹153342885/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹127911677/-
ഓഡിറ്റ് വർഷത്തെ നീക്കിയിരുപ്പ്		₹25431208/-
വരവിനങ്ങളിലുള്ള നഷ്ടം	:	₹20200

ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	₹370039/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	ഇല്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	6450/-		ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി
2-2	13750/-		ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി
3-1		14312/-	ശ്രീ റ്റി.വി ഏലിയാസ്, അസി . എഞ്ചിനീയർ
3-2		265397/-	ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി
3-3		90330/-	ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി	സെക്രട്ടറി , വട്ടവട ഗ്രാമപഞ്ചായത്ത്	TC20/672/2 ശ്രീരംഗം പെരപ്പൂർ, മുക്കോലക്കൽ പി ഒ തിരുവനന്തപുരം
ശ്രീ റ്റി.വി.ഏലിയാസ്, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ, വട്ടവട ഗ്രാമപഞ്ചായത്ത്	തെക്കേടത്ത് വീട് പടമുഖം പി ഒ, ഇടുക്കി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1964-1965 1977-1978	എൽ.എഫ്.ഐ5/297/ 82/08.07.82		
1978-1979 1979-1980	എൽ.എഫ്.ഐ-5/429/81/ 08.08.82		
1980-1981	എൽ.എഫ്.ഐ-5/645/82/ 20.09.82		
1981-1982	എൽ.എഫ്.ഐ-6/937/84/ 03.01.85		
1982-1983 1983-1984	എൽ.എഫ്.ഐ7/316/ 86/12.01.86		
1984-1985	എൽ.എഫ്.ഐ-7/1069/ 88/28.01.89		
1985-1986	എൽ.എഫ്.ഐ-7/1070/ 88/28.01.89		
1986-1987	എൽ.എഫ്.ഐ-7/229/ 90/11.04.90		
1987-1988	എൽ.എഫ്.ഐ-7/359/ 91/11.07.91		
1988-1989 1991-1992	എൽ.എഫ്.ഐ-6/616/ 93/24.03.91		
1992-1993	എൽ.എഫ്.ഐ-7/364/ 95/07.09.95		
1996-1997	എൽ.എഫ്.ഐ-9/683/ 2000/02.01.2001	15	19, 20, 24, 25, 28, 29, 30, 33, 34, 36-40, 42
1997-1998	എൽ.എഫ്.ഐ-9/684/ 2000/02.01.2001	9	12, 13, 21, 26-31
1998-1999	എൽ.എഫ്.ഐ-9/264/ 2002/10.06.2002	12	13, 14, 20എ, ബി, 24, 25, 27, 28, 33, 38, 41, 42

1999-2000	എൽ.എഫ്.ഐ-9/403/ 2002/24.08.2002	8	13, 14, 22-27
2000-2001	എൽ.എഫ്.ഐ-9/199/ 2003/10.03.2003	12	13, 14, 23-32
2001-2002	എൽ.എഫ്.ഐ-9/342/ 2005/05.11.2005	7	29-9, 2-10, 2-12, 2-14, 2-16 To 2-18
2002-2003	എൽ.എഫ്.ഐ-9/343/ 2005/05.11.2005	6	2-6, 2-9, 2-10, 2-11, 2-12, 3-1
2003-2004	എൽ.എഫ്.ഐ-9/75/ 2007/07.03.2007	6	2-2, 2-3 - 2-7
2004-2005	എൽ.എഫ്.ഐ-9/206/ 2007/07.03.2007	8	2-1, 2-2, 2-3, 3-1 To 3-5
2005-2006	എൽ.എഫ്.ഐ-9/946/ 2007/27.05.2008	5	2-1, 2-2, 2-4, 2-6, 3-7
2006-2007	എൽ.എഫ്.ഐ-9/213/ 2009/08.09.2009	6	2-1, 2-2, 2-3, 2-5, 3-1, 3-2
2007-2008	എൽ.എഫ്.ഐ-14/78/ 12/25.03.12	9	2-2, 3-1 മുതൽ 3-8 വരെ
2008-2009	എൽ.എഫ്.ഐ-14/1001/ 14/24.01.15	11	2-2, 3-2, 3-3, 3-5 മുതൽ 3-12 വരെ
2009-2010	എൽ.എഫ്.ഐ-14/1233/ 2011/27.12.12	15	2-1, 2-3, 3-1, 3-3 മുതൽ 3-13
2010-2011	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4, 3-1 മുതൽ 3-16 വരെ 2-18
2011-2012	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4, 3-1 മുതൽ 3-16, 2-18
2012-2013	എൽ.എഫ്.ഐ-14/1439/	9	3-1 മുതൽ 3-9 വരെ

	15/31.12.15		
2013-2014	എൽ.എഫ്.ഐ-14/1439/ 15/31.12.15	9	3-1 മുതൽ 3-9 വരെ
2014-2015	എൽ.എഫ്.ഐ-14/157/ 17/13.02.17	6	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ
2015-2016	കെ.എസ്.എ.ഐ.ഡി.കെ-6/508/17 /19.04.17	7	2-1,2-3 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-4 വരെ
2016-2017	കെ.എസ്.എ.ഐ.ഡി.കെ-6/289/18 /12.03.18	14	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-10 വരെ 3-12
2017-18	കെ.എസ്.എ-ഐ.ഡി.കെ-06/686/19 തീ:09.07.2019	23	1-12, 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-13 വരെ, 4-7 & 4-10
2018-19	കെ.എസ്.എ-ഐ.ഡി.കെ-06/1008/19 തീ:16.12.2019	19	ഖണ്ഡിക 1-9, 1-11 മുതൽ 1-23 വരെ, 1-25,1-26, 1-27, 3-1, 4-8, 4-11

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്